കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്-2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6 /1920/ 2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി : 17.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

പെരളശ്ശേരി ഗ്രാമ പഞ്ചായത്ത്.

സർ.

വിഷയം : പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

--------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ

ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഏയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ-മെയിൽ വഴി)

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6 /1920/2018. തീയ്യതി: 17.12.2018

# കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിൽ വിധേയമാക്കുകയുണ്ടായി. പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് 1-4-2017 മുതൽ 22-9-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൽവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ബി. സന്തോഷ്. ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 24-9-2018 മുതൽ 4-10-2018വരെ | ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | | |
| | ശ്രീ. ആൽബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ധന്യ. എം. വി. | ഓഡിറ്റർ |
| | ശ്രീമതി. അന അബ്രഹാം | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എ.കെ. ചന്ദ്രൻ മാസ്റ്റർ | 1-4-2017 മുതൽ 4-12-2017 വരെ |
| | ശ്രീമതി. സൗമിനി. സി.കെ, വൈസ് പ്രസിഡന്റ് (അധിക ചുമതല) | 5-12-2017 മുതൽ 19-3-2018 വരെ |
| | ശ്രീ. ബാലഗോപാലൻ. കെ. പി. | 20-3-2018 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ. അശോകൻ മലപ്പിലായി. | 1-4-2017 മുതൽ 31-3-2018 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. കെ. ശോഭന. | 1-4-2017 മുതൽ 2-5-2017 വരെ |
| | ശ്രീമതി. ബിന്ദു. എം | 3-5-2017 മുതൽ 19-6-2017വരെ |
| | ശ്രീ. കെ സത്യൻ | 20-6-2017 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. പ്രകാശൻ. കെ.കെ. | 1-4-2017 മുതൽ 8-11-2017വരെ |

| | | |
|---|---|---|
| | ശ്രീ. നിജേഷ്. സി. | 9-11-2017 |
| | ശ്രീ. ജയരാജ്. പി. | 10-11-2017 മുതൽ 25-2-2018 വരെ |
| | ശ്രീ. പ്രസാദ്. വി.വി. | 26-2-2018 മുതൽ 31-3-2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. ആരോമൽ. ആർ | 1-4-2017 മുതൽ 2-8-2017 വരെ |
| | ശ്രീമതി. തുളസി ചെങ്ങാട് | 3-8-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ. മക്രേരി | ശ്രീ. വിപിൻ. സി. | 1-4-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ. മാവിലായി | ശ്രീമതി. ശ്രീലത. വി.എം. | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. രേഷ്മ. പി.സി. | 1-4-2017 മുതൽ 28-7-2017 വരെ |
| | ഡോ. വിദ്യ എസ് നായർ | 29-7-2017 മുതൽ 12-11-2017 വരെ<br>16-1-2018 മുതൽ 31-3-2018 വരെ |
| | ഡോ. ഷിജി. എ.ആർ | 13-11-2017 മുതൽ 15-1-2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ GAD | ഡോ. ജഷി ദിനകരൻ | 1-4-2017 മുതൽ 31-7-2017 വരെ |
| | ഡോ. ഹീര. ആർ | 1-8-2017 മുതൽ 31-3-2018 വരെ |
| വെറ്റിനറി സർജൻ | ഡോ. പി. പ്രകാശൻ. | 1-4-2017 മുതൽ 5-11-2017 വരെ |
| | ഡോ. വിജയകുമാർ ബി സങ്കാൾ. | 6-11-2017 മുതൽ 31-3-2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. വിലാസിനി. കെ | 1-4-2017 മുതൽ 31-3-2018 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| 13 | പദ്ധതി ആസൂത്രണ പ്രവർത്തനങ്ങളും വർക്കിംഗ് ഗ്രൂപ്പും | 1-13 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 14 | തൊഴിൽ നികുതി - അപാകങ്ങൾ | 2-1 |
| 15 | ഡി. & ഒ ലൈസൻസ് അപാകങ്ങൾ | 2-2 |
| 16 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല | 2-3 |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | ഡി.പി.സി അംഗീകാരം ലഭിച്ച പദ്ധതികൾ യഥാസമയം നടപ്പിലായില്ല | 3-1 |
| 18 | ദേശീയ ആരോഗ്യ പരിപാടികളുടെ ശാക്തീകരണം – പദ്ധതി – അപാകങ്ങൾ | 3-2 |

| | | |
|---|---|---|
| 19 | വിദ്യാലയങ്ങൾക്ക് ദിനപത്രം പദ്ധതി അപാകങ്ങൾ - ₹36000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-3 |
| 20 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ വിവരം ലഭ്യമല്ല | 3-4 |
| 21 | കുടിവെള്ള വിതരണ ലൈൻ വലിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല | 3-5 |
| 22 | പഞ്ചായത്ത് LPG ശ്മശാനത്തിൽ ജനറേറ്റർ, വാട്ടർ ടാങ്ക് സ്ഥാപിക്കൽബ്ലോക്ക് പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല | 3-6 |
| 23 | ലൈഫ് ഭവന പദ്ധതി അധിക വിഹിതം നൽകൽ - ബ്ലോക്ക് പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല | 3-7 |
| 24 | വാട്ടർ ടാപ്പുകളുടെ എണ്ണം - സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-8 |
| 25 | പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല | 3-9 |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 26 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധങ്ങൾ | | |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 37 | റസീറ്റ് & പെയ്മെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം-2-1 |
| 38 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം-2-2 |
| 39 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 28-3-2017 ലെ 55/2017-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 26-3-2018 ലെ 58/18-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത്₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത്₹ |
|---|---|---|
| മുന്നിരിപ്പ് | 4887430 | 12191923 |

| | | |
|---|---|---|
| വരവ് | 139809137 | 105418650 |
| ആകെ | 144696567 | 117610573 |
| ചെലവ് | 141023637 | 109413394 |
| നീക്കിയിരിപ്പ് | 3672930 | 8197179 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-7-2018 | 2-5-2018 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2017-18 | 13-6-2018 മുതൽ 14-6-2018 വരെ | നം. കെ.എസ്.എ/കെ.എൻ.ആർ./സി.6/1175 /31.7.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | 12191923.75 |
| വരവ് | 55677447 |
| ആകെ | 67869370.75 |
| ചെലവ് | 60179303 |
| നീക്കിയിരിപ്പ് | 7690067.75 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 12932000 | 12932000 | 12564837 | 367163 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 1988785 | 1988785 | 1988785 | - |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 53978 | 53978 | - | 53978 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 8615000 | 8615000 | 6877597 | 1737403 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 3206000 | 3206000 | 1198291 | 2007709 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 6073246 | 6073246 | 5932149 | 141097 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | 1057768 | 1057768 | 1021005 | 36763 |
| കേരളോത്സവം | | - | 20000 | 20000 | - | 20000 |
| ദുരിതാശ്വാസനിധി | | 11394 | 2511 | 13905 | 2000 | 11905 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 11807095 | 11807095 | 11807095 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1664 | 601714 | 603378 | 601152 | 2226 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 1.പൈക്ക ഗ്രാന്റ് | | - | - | - | - | - |

| | | | | | | |
|---|---|---|---|---|---|---|
| 2.അനുപൂരക പോഷകാഹാരം | | 463138 | 977749 | 1440887 | 692923 | 747964 |
| 3.എം.പി. ഫണ്ട് | | 2188 | 84 | 2272 | - | 2272 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | - | 2213750 | 2213750 | 48000 | 2165750 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | - | 2970025 | 2970025 | 2322340 | 647685 |
| | ജില്ലാ പഞ്ചായത്ത് | | 607975 | 607975 | 357975 | 250000 |
| ബി ഫണ്ട് | | - | 65131995 | 65131995 | 65131995 | - |
| ജനറൽ പർപ്പസ് ഗ്രാന്റ്* | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 8309889 | 8521992 | 16831881 | 10386536 | 6445345 |
| | ട്രഷറി അക്കൗണ്ട് | 3359767 | 10652758 | 14012525 | 15622367 | -160984 |

* തനത് ഫണ്ട് ട്രഷറി അക്കൗണ്ടിൽ ജനറൽ പർപ്പസ് ഫണ്ടിന്റെ വരവ് ചെലവ് തുകകൾ ഉൾപ്പെടുന്നുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 135 | 58611521 | 109 | 37321262 | 3 | 26 | 78.52 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാ | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | ക്കിയത് | | | |
| 1 | സെക്രട്ടറി | 21 | 16 | 5430865 | 2932646 | 53.99 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 1514596 | 1368037 | 90.33 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 59 | 44 | 30082513 | 18587589 | 61.79 |
| 4 | കൃഷി ഓഫീസർ | 10 | 10 | 8178199 | 4817577 | 100 |
| 5 | വി.ഇ.ഒ. മക്രേരി | 9 | 7 | 3523210 | 2021142 | 57.37 |
| 6 | വി.ഇ.ഒ. മാവിലായി | 7 | 7 | 1382940 | 535460 | 38.72 |
| 7 | മെഡിക്കൽ ഓഫീസർ PHC | 6 | 6 | 885900 | 820653 | 92.63 |
| 8 | മെഡിക്കൽ ഓഫീസർ GAD | 2 | 2 | 700000 | 700000 | 100 |
| 9 | വെറ്റിനറി സർജൻ | 5 | 5 | 1686000 | 1025913 | 60.85 |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 5127298 | 4512245 | 88 |
| | ആകെ | 135 | 109 | 58611521 | 37321262 | 63.68 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1664 | 601714 | 603378 | 601152 | 2226 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 11807095 | 11807095 | 11807095 | - |
| ആകെ | 1164 | 12408809 | 121410473 | 12408247 | 2226 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 22560 | 38 |
| കർഷകതൊഴിലാളി പെൻഷൻ | 6436900 | 569 |
| വിധവാ പെൻഷൻ | 11712700 | 1001 |
| വാർദ്ധക്യകാല പെൻഷൻ | 29363000 | 2489 |
| വികലാംഗ പെൻഷൻ | 3428800 | 290 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2383500 | 280 |
| വിവാഹ ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.09.2018 ന് രാവിലെ 11 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6535 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-10 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും ക്യാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. 2017-18 സാമ്പത്തിക വർഷം എല്ലാ മാസങ്ങളിലും ജീവനക്കാരുടെ യോഗം ചേർന്നിട്ടുണ്ട്. ഓഫീസ് ഉത്തരവ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജനവുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. സർക്കാർ നിർദ്ദേശിച്ച തരത്തിലുള്ള അക്കൗണ്ടിംഗ് രീതി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. നികുതി നികുതിയേതര വരവിൽ വർദ്ധനവ് വരുത്തുന്നതുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിലെ തുകകളുമായി താരതമ്യ പഠനം നടത്തിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ടതുൾപ്പെടെയുള്ള ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഓഫീസ് പ്രവർത്തനം, വരവ് ചെലവ് കണക്ക്, പൊതുജന സേവനം എന്നിവ ഓഫീസ് യോഗങ്ങളിൽ വിലയിരുത്തുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ചതീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-10-2014 | 2009-10 മുതൽ 2013-14 വരെ | 21-11-2014 |
| പെർഫോമൻസ് ഓഡിറ്റ് | 6-7-2018 | ജൂൺ 2018 | ലഭിച്ചിട്ടില്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.വസ്തുനികുതി ഡിമാന്റ്, കലക്ഷൻ ബാലൻസ് സംബന്ധിച്ച് വാർഷിക ധനകാര്യ പത്രിക

പ്രകാരമുള്ള വിവരങ്ങളും സഞ്ചയ പ്രകാരമുള്ള വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.
3. വാർഷിക ധനകാര്യ പത്രിക RP40(b) പ്രകാരം നീക്കിയിരിപ്പ് തുകയിൽ സെൻട്രൽ ബാങ്ക് അക്കൗണ്ടിൽ ഇ-മണൽ ഇനത്തിൽ റവന്യൂ വകുപ്പിലേക്ക് ഒടുക്കേണ്ടയിനത്തിൽ 42432 രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുക B-4-ൽ കാണിച്ചിട്ടില്ല.

## 1-13 പദ്ധതി ആസൂത്രണ പ്രവർത്തനങ്ങളും വർക്കിംഗ് ഗ്രൂപ്പും

പതിമൂന്നാം പഞ്ചവത്സരപദ്ധതിയും 2017-18 വാർഷീക പദ്ധതിയും തയ്യാറാക്കുന്നതിനായി ആസൂത്രണ സമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ച് വികസനരേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 9-1-2017 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)നം. 10/2017/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

i. ആസൂത്രണസമിതി

മേൽ സർക്കാർ ഉത്തരവ് പ്രകാരം 16-01-2017 ന് മുമ്പ് ആസൂത്രണസമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കണം. എന്നാൽ 09-05-2017 ലെ 81/17(2) നമ്പർ തീരുമാന പ്രകാരമാണ് അധ്യക്ഷനും ഉപാധ്യക്ഷനും 13 അംഗങ്ങളും ഉൾപ്പെടുന്ന ആസൂത്രണ സമിതി രൂപീകരിച്ചിട്ടുള്ളത്. 2017-18 വർഷം ആസൂത്രണ സമിതി 2 യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. 25-01-2017 ചേർന്ന യോഗത്തിൽ കരട് വികസന രേഖ തയ്യാറാക്കുന്നത് സംബന്ധിച്ചും 13-03-2017ന് ചേർന്ന യോഗത്തിൽ വർക്കിംഗ് ഗ്രൂപ്പ് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനെകുറിച്ചും ചർച്ച ചെയ്തിട്ടുണ്ട്.

ii. വർക്കിംഗ് ഗ്രൂപ്പ്

മാർഗ്ഗരേഖയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ഭരണ സമിതിയുടെ 16-1-2017 ലെ 8/17(2) നമ്പർ തീരുമാന പ്രകാരം വിവിധ മേഖലകളിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസുത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക, സ്റ്റേക്ക് ഹോൾഡർ കൂടിയാലോചനകൾ, ഗ്രാമസഭ യോഗങ്ങൾ, വികസന സെമിനാർ എന്നിവിടങ്ങളിലെ ചർച്ചയ്ക്ക് നേതൃത്വം വഹിക്കുക, ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾകുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന അവസ്ഥാവിശകലനം നടത്തുക, അവസ്ഥാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വികസന മേഖലയും നേരിടുന്ന പ്രധാന വെല്ലുവിളികൾ, വികസനത്തിൻെ കാര്യത്തിൽ ഉണ്ടായിട്ടുള്ള അസന്തുലിതാവസ്ഥ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ അതിന് സ്വീകരിക്കാവുന്ന തന്ത്രം എന്നിവയെല്ലാം ഉൾപ്പെടുത്തി ഒരു അവസ്ഥാ രേഖ ( Status Report) യഥാസമയം തയ്യാറാക്കി സമർപ്പിക്കുക പദ്ധതി അംഗീകരിച്ചതിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റിയായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക തുടങ്ങിയ പ്രധാന ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർവ്വഹിക്കാനുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തന രേഖയായ വിവിധ വിഷയ മേഖലകളുടെ മിനുട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകളിൽപ്പെട്ട ഉത്തരവാദിത്വങ്ങൾ എത്രത്തോളം നിർവ്വഹിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന റിപ്പോർട്ടുകളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഓരോ വർക്കിംഗ് ഗ്രൂപ്പുകളും വിവിധ തീയതികളിലായി യോഗം ചേർന്നതായി കാണിച്ചിട്ടുണ്ട്. യോഗങ്ങളിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല. പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 25-01-2017, 09-02-2017, 27-02-2017, 03-04-2017, 17-04-2017, 23-04-17, 30-06-2017, 27-09-2017, 30-12-2017എന്നീ തീയ്യതികളിൽ യോഗം ചേർന്നതായി മിനുട്സ് ബുക്കിൽ രേഖപ്പെടുത്തി അംഗങ്ങൾ ഒപ്പുവച്ചിട്ടുണ്ടെങ്കിലും യോഗ നടപടികളെ സംബന്ധിച്ച വിവരങ്ങളോ മറ്റു തീരുമാനങ്ങളോ എഴുതി ചേർത്തിട്ടില്ല.

iii. സ്റ്റാറ്റസ് റിപ്പോർട്ട്

ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ട കോട്ട വിശകലനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രശ്നപരിഹാരവും അവലംബമാക്കി ഓരോ വർക്കിംഗ് ഗ്രൂപ്പുകളും അവരുടെ വിഷയമേഖലയിൽ അവസ്ഥാരേഖ (Status Report) തയ്യാറാക്കേണ്ടതുണ്ട്. ഈ അവസ്ഥാ രേഖയിൽ ദീർഘകാല ലക്ഷ്യങ്ങളും, അതായത് 2030 ൽ വികസന മേഖലയിൽ എന്തൊക്കെ നേടാൻ ശ്രദ്ധിക്കണമെന്നും, അതുപോലെ പതിമൂന്നാം പദ്ധതിയിൽ അടുത്ത അഞ്ച് വർഷം കൊണ്ട് ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൃത്യതയോടെ നിർവ്വചിക്കേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിൽ എല്ലാ വിഷയമേഖലയിലുമായി ബന്ധപ്പെട്ട അവസ്ഥാ രേഖ ( Status Report) തയ്യാറാക്കിയിട്ടുണ്ട്.

iv. പദ്ധതി രൂപീകരണവും നിർവഹണവും

ജി.ഒ.(എം.എസ്) നം.72/2017 തസ്വഭവ തീയതി 29-3-2017 പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം 2017-18 ലെ വാർഷിക പദ്ധതിക്ക് 5-5-2017 ന് മുമ്പ് ആസൂത്രണസമിതി അംഗീകാരം വാങ്ങേണ്ടതാണ്. പദ്ധതി ആസൂത്രണ നിർവഹണനടപടികൾ സംബന്ധിച്ച വിവിധ ഘട്ടങ്ങൾ മാർഗ്ഗ നിർദ്ദേശത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതുപ്രകാരം ഗ്രാമസഭകൾ / ഊരുകൂട്ടങ്ങൾ യോഗം ചേരൽ, വികസന സെമിനാർ, വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ, പ്രോജക്ടുകൾ തയ്യാറാക്കൽ, വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി അംഘീകാരം, പ്രോജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും, വാർഷിക പദ്ധതി നിർവഹണവും മോണിറ്ററിംഗും. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 25-01-2017 ന് വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗം ചേർന്നിട്ടുണ്ട്. 23-04-2017 ന് വികസന സെമിനാറും നടത്തിയിട്ടുണ്ട്. വികസന സ്റ്റാന്റിംഗ് കമ്മറ്റി ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയിൽ വന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് 2017-18 വർഷത്തെ വാർഷിക പദ്ധതി അംഗീകരിച്ച് ഭരണസമിതിക്ക് നൽകിയിട്ടുണ്ട്. ആയത് 16-01-2017ലെ 10/2017(1) നമ്പർ തീരുമാന പ്രകാരം

ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്.

v. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

2017-18 വാർഷീക പദ്ധതികൾ 5-5-2017ന് മുൻപ് അംഗീകാരം നേടണം എന്ന് മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നുണ്ടെങ്കിലും ജില്ലാ ആസൂത്രണ സമിതിയുടെ 31-5-2017 ലെ 82/2017 /DPC/DPO/KNRപ്രകാരമാണ് വാർഷിക പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഡി.പി.സി. അംഗീകരിച്ച പദ്ധതിയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ആകെ പ്രോജക്ടുകളുടെ എണ്ണം | 135 |
| പുതിയ പ്രോജക്ടുകൾ | 111 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 24 |
| ആകെ അടങ്കൽ | ₹ 58611521 |
| പൊതുവിഭാഗം | ₹ 56313585 |
| പട്ടിക ജാതി | ₹ 2243936 |
| പട്ടിക വർഗ്ഗ വിഭാഗം | ₹ 54000 |
| നൂതന പ്രോജക്ടുകൾ | ഇല്ല |

vi. മോണിറ്ററിംഗ്

സ.ഉ(എം.എസ്) നം.72/2017 തസ്വഭവ തീയതി 29-03-2017 ഉത്തരവ് ഖണ്ഡിക 14.6 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ് എന്നും അതിനായി പദ്ധതി രൂപാകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പ്രോജക്ട് മോണിറ്ററിംഗ് സംബന്ധിച്ച വിവരങ്ങൾ ചർച്ച ചെയ്തതായി കാണുന്നില്ല. കൂടാതെ സ്റ്റാന്റിംഗ് കമ്മറ്റികളിൽ

ഇത്തരത്തിലുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ചർച്ചയ്ക്ക് വരികയോ ഭരണസമിതിക്ക് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. ചില പ്രോജക്ടുകളുടെ കൂടെ മോണിറ്ററിംഗ് ഫോം ഒപ്പിട്ട് വെക്കുക മാത്രമാണ് ചെയ്തിരിക്കുന്നത് .

vii. സ്റ്റാൻറ്റിംഗ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ധനകാര്യം, അക്കൗണ്ടുകൾ, ഓഡിറ്റ്, നികുതികൾ, ബജറ്റ്, പൊതുഭരണം, നികുതിയുമായി ബന്ധപ്പെട്ട അപ്പീലുകൾ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. 2017-18 കാലയളവിൽ 19 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. 2017-18 ൽ വിവിധ വരവ് ചെലവുകൾ അംഗീകരിക്കൽപോലുള്ള പൊതുവായ നടപടികളാണ് യോഗത്തിൽ നടന്നിട്ടുള്ളത്. നികുതി പിരിവിലെ പുരോഗതി, ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുക, പൊളിച്ച നീക്കിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുക തുടങ്ങിയ കാര്യങ്ങൾ ആണ് സ്റ്റാന്റിങ് കമ്മിറ്റി ചർച്ചയിൽ വന്ന പ്രധാന ഇനങ്ങൾ 2017-18 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ വരവുചെലവു തുകകളുമായി ഭീമമായ തുകയുടെ അന്തരം നിലനിൽക്കുന്നുണ്ട്. വരും വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. വികസന സ്റ്റാന്റിംഗ് കമ്മറ്റി

കൃഷി കന്നുകാലി വളർത്തൽ, ജലസേചനം, മത്സ്യകൃഷി, സാമൂഹിക വനവത്കരണം, ചെറുകിട കുടിൽ വ്യവസായം, കരകൗശല വസ്തുക്കളുടെ നിർമ്മാണം, പരമ്പരാഗത തൊഴിൽ, ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, ഊർജ്ജ സംരക്ഷണം, പൊതുമരാമത്ത് ജലവിതരണം വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. 2017-18 വർഷത്തിൽ 15 തവണ സ്റ്റാൻഡിംഗ് കമ്മറ്റി യോഗം ചേർന്നിട്ടുണ്ട്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയിൽ വന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് വാർഷിക പദ്ധതി അംഗീകരിച്ച് ഭരണസമിതിക്ക് നൽകുകയും ഡി.പി.സി അംഗീകരിച്ച പ്രോജക്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥരെ ഏല്പിക്കുകയും അവയുടെ നിർവഹണവും ചെലവ് വിലയിരുത്തലുകൾ നടത്തുക തുടങ്ങിയ പൊതുവായ നടപടികളാണ് കമ്മറ്റിയിൽ നടന്നിട്ടുള്ളത്. അംഗീകരിക്കപ്പെട്ട പദ്ധതികളുടെ പൊതുവായ മേൽനോട്ടം എന്നതിലുപരി ഓരോ മേഖലയിലെയും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളെ കൃത്യമായി വിലയിരുത്തുകയോ, സ്റ്റാറ്റസ് റിപ്പോർട്ട് കൃത്യമായി അപഗ്രഥിച്ച് വികസനത്തിനുതകുന്ന പുതിയ പദ്ധതികൾ തയ്യാറാക്കുന്നതിനോ ശ്രമങ്ങൾ നടത്തിയിട്ടില്ല.

3. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി

പട്ടികജാതി പട്ടികവർഗ്ഗ വികസസനം. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം,

സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷ, ചേരി പരിഷ്കരണം, പൊതുവിതരണ സമ്പ്രദായം എന്നി വിഷയങ്ങളാണ് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിഗണനയിൽ വരുന്നത്. 2017-18 വർഷത്തിൽ 14തവണ സ്റ്റാൻഡിംഗ് കമ്മറ്റി യോഗം ചേർന്നിട്ടുണ്ട്. എല്ലാ മാസവും സ്റ്റാൻഡിംഗ് കമ്മറ്റിയോഗങ്ങൾ ചേരുന്നുണ്ടെങ്കിലും ക്ഷേമ പെൻഷനുകൾക്ക് ലഭിച്ച അപേക്ഷകളിലെ തുടർനടപടികളാണ് പ്രസ്തുത യോഗങ്ങളിൽ പ്രധാനമായും പരിഗണനയിൽ വരുന്നത്. കൂടാതെ പ്രോജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും ചർച്ച ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

4. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി

പൊതുജനാരോഗ്യം, ശുചീകരണം, കുടിവെള്ളം, വിദ്യാഭ്യാസം, കായികവികസനം, യുവജനക്ഷേമം മുതലായ വിഷയങ്ങളാണ് ആരോഗ്യ കുടുംബക്ഷേമ വർക്കിംഗ് ഗ്രൂപ്പിന്റെ പരിധിയിൽ വരുന്നത്. 2017-18 കാലയളവിൽ 14 തവണ സ്റ്റാൻഡിംഗ് കമ്മറ്റി യോഗം ചേർന്നിട്ടുണ്ട്. വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ തീരുമാനങ്ങളായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് കമ്മറ്റികൾ പ്രോജക്ട് മോണിറ്ററിംഗ് നടത്തി സ്റ്റാൻഡിംഗ് കമ്മറ്റിക്ക് നൽകിയതിന്റേയോ അവ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്തതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ടിന്റെ പുരോഗതി സ്റ്റാൻഡിംഗ് കമ്മറ്റി വിലയിരുത്തുന്നുണ്ട്. എന്നാൽ വിശദമായി മോണിറ്ററിംഗ് നടത്തിയതായി മിനുട്സുകളിലൊന്നും രേഖപ്പെടുത്തിയിട്ടില്ല.

Viii. സ്റ്റീയറിങ് കമ്മിറ്റി

2017-18 വർഷം സ്റ്റീയറിങ് കമ്മിറ്റി 9 തവണ യോഗം ചേർന്ന് പദ്ധതി രൂപീകരണ നിർവ്വഹണ പ്രക്രിയകളിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

IX ഗ്രാമസഭ

ഗ്രാമ പഞ്ചായത്തിൽ ആകെ 18 വാർഡുകളാണുള്ളത്. ഓഡിറ്റ് വർഷം 5 തവണ വീതം ഓരോ വാർഡുകളിലും ഗ്രാമസഭ ചേർന്നിട്ടുണ്ട്. വാർഷിക പദ്ധതി റിപ്പോർട്ട് അവതരണം വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ പരിശോധിച്ച് അർഹരായവർക്കുള്ള മുൻഗണനാക്രമം നിശ്ചയിക്കൽ, പദ്ധതി ആസൂത്രണം, ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കൽ, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കൽ എന്നിവ വിവിധ ഗ്രാമസഭകളിൽ ചർച്ച ചെയ്തിട്ടുണ്ട്. എല്ലാ ഗ്രാമസഭാ യോഗങ്ങളിലും ക്വോറം തികഞ്ഞിട്ടുണ്ടെങ്കിലും നിയമപ്രകാരം ആവശ്യമായ കുറഞ്ഞ പങ്കാളിത്തം മാത്രമേ ചില യോഗങ്ങളിൽ ഉണ്ടായിട്ടുള്ളൂ.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - അപാകങ്ങൾ

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ 2017-18 സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | 27അംഗനവാടികൾ |
| 2 | സംയോജിത ശിശുവികസന ഓഫീസ് |

2. കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 205.ബി, സി എന്നിവ പ്രകാരം പഞ്ചായത്ത് സെക്രട്ടറി തൊഴിൽ നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ സ്ഥാപന ഉടമസ്ഥനോടൊ കൈവശക്കാരനോടൊ ആവശ്യപ്പെടേണ്ടതും, വകുപ്പ് 205(ഡി) പ്രകാരം തൊഴിലുടമകൾ ഏതെങ്കിലും സ്ഥാപനത്തിൽ ശമ്പളത്തിനോ വേതനത്തിനോ നിയമിച്ചതോ ഏർപ്പെടുത്തിയതോ ആയ ആളുകൾ ഉണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ നൽകേണ്ടുന്ന തൊഴിൽ നികുതി വസൂലാക്കി ഗ്രാമപഞ്ചായത്തിന് നൽകേണ്ടതുമാണ്. 2017-18 ലെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205.ബി, ഡി എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കേണ്ടുന്ന മുഴുവനാളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

| രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വാർഡ് / കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 33 | കെ.വി. ഫുഡ്പ്രൊഡക്ട്സ് | 4/537 | 6 |
| 34 | കെ.വി. ഫുഡ്പ്രൊഡക്ട്സ് | 3/45 | 9 |
| 69 | കാവേരി റസ്റ്റോറന്റ് | 10/122 | 4 |
| 172 | KANCOIR<br>(കണ്ണൂർ കയർ മാറ്റ്സ് & മാറ്റിംഗ് വ്യവസായ സഹകരണ സംഘം) | 8/10,11,12 | 16 |

| | | | |
|---|---|---|---|
| 188 | ചൊക്കിച്ചാൽ ട്രേഡേഴ്സ് | 5/422B | 4 |
| 452 | ധനശ്രീ കുടുംബശ്രീ ഹോട്ടൽ | 9/574 | 9 |
| 273 | ഹോം ബോക്സ്സ് | 8/17 | 8 |
| 237 | എസ്.ഡി.എസ്. ഗാർമെന്റ്സ് | 9/521C | 4 |
| 253 | സ്റ്റാർ ഫർണ്ണിച്ചർ & വുഡ് വർക്ക്സ് | 7/256B | 4 |
| 256 | മാർവെൽ സ്റ്റീൽ ആർട്സ് | 5/215 | 4 |
| 272 | പെർഫക്ട് ഡിസൈൻസ് | 10/700 | 4 |

## 2-2 ഡി. & ഒ ലൈസൻസ് അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തെ ഡി & ഒ ട്രേഡ് ലൈസൻസ് സംബന്ധിച്ച രജിസ്റ്ററും ഫയലും പരിശോധിച്ചതിൽ തൻവർഷം 452 സ്ഥാപനങ്ങൾ ലൈസൻസിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വസ്തു നികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം വാണിജ്യാവശ്യം എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ളവ | 1563 |
| 100 മുതൽ 200 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ളവ | 29 |
| ഇതര വ്യവസായത്തിനുള്ളവ | 9 |
| ആകെ | 1601 |

1563കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള ഉപയോഗക്രമത്തിന് എന്ന് കാണിച്ച് നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും 2017-18 സാമ്പത്തിക വർഷം 452സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ 6/27-9-2018നമ്പ്ര ഓഡിറ്റ് എൻക്വയറിക്ക് 1601 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള

ഉപയോഗക്രമത്തിന് നമ്പ്ര അനുവദിച്ചിട്ടുണ്ടെങ്കിലും എല്ലാ സ്ഥാപനങ്ങളിലും കച്ചവടം നടക്കുന്നില്ല എന്നും ഒരു അപേക്ഷയിൽതന്നെ ഒന്നിൽക്കൂടുതൽ മുറികളിൽ കച്ചവടം നടത്തുന്നവരുണ്ടെന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യം പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഈടാക്കേണ്ടതാണ്.

## 2-3 ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല

2017-18 വർഷത്തെ വാർഷീക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല. ടെണ്ടർ ഫീയിനത്തിൽ ₹65500 ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ / പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫീ ₹ |
|---|---|---|
| 1 | 109/18 വനിതാ സാസ്കാരിക നിലയം | 4000 |
| 2 | 110/18 വയോജന വിശ്രമകേന്ദ്രം | 3200 |
| 3 | 101/18 വെള്ളച്ചാൽ ഗുരുക്കൾമുക്ക് അമ്പലമെട്ട റോഡ് ടാറിംഗ് | 4200 |
